"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: F3-28074/14.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 11-8-2014.

# സർക്കുലർ

വിഷയം: സാമൂഹ്യനീതി വകുപ്പ്- വനിതാ ഗൃഹനാഥരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം 2014-15- ക്രോഡീകരിച്ച വിശദാംശങ്ങൾ അറിയിക്കുന്നത് - സംബന്ധിച്ച് -

സൂചന: 1) ഈ ഓഫീസിലെ 1.8.14ലെ മേൽ നമ്പർ കത്ത്.
2) സർക്കാരിന്റെ 8.5.14ലെ സ.ഉ(സാധാ)നം.322/2014/സാ.നീ.വ നമ്പർ ഉത്തരവ്

സൂചന (1)ലേക്ക് ശ്രദ്ധക്ഷണിയ്ക്കുന്നു. 2014-15 വർഷത്തെ, വനിതാ ഗൃഹനാഥരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്നതിനുള്ള ക്രോഡീകരിച്ച റിപ്പോർട്ട് സെപ്റ്റംബർ 30നകം നൽകുവാൻ നിർദ്ദേശിച്ചിരുന്നു. സൂചന (2)ലെ സർക്കാർ ഉത്തരവ് പ്രകാരം ധനസഹായം നൽകുന്നത് സംബന്ധിച്ച് ചില വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം താഴെപ്പറയും പ്രകാരമാണ് തുക അനുവദിയ്ക്കേണ്ടത് (ഉത്തരവ് നെറ്റിൽ നൽകിയിട്ടുണ്ട്).

| ക്രമ നം. | കുട്ടികൾ പഠിയ്ക്കുന്ന ക്ലാസ്സ് | വിദ്യാഭ്യാസ ധനസഹായമായി പ്രതിമാസം അനുവദിയ്ക്കുന്ന തുക |
|---|---|---|
| 1. | സാമ്പത്തിക സഹായം അനുവദിയ്ക്കുന്ന 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും, 1 മുതൽ 5 വരെ ക്ലാസിലുള്ള കുട്ടികൾക്കും | 300/- രൂപ |
| 2. | 6 മുതൽ 10- ാം ക്ലാസ്സ് വരെ | 500/- രൂപ |
| 3. | +1, +2 ക്ലാസ്സുകൾ | 750/- രൂപ |
| 4. | സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലെ ഡിഗ്രി / പ്രൊഫഷണൽ കോഴ്സുകൾ | 1000/- രൂപ |

സർക്കാർ സൂചന (2) പ്രകാരം തുക പുതുക്കി നിശ്ചയിച്ച സാഹചര്യത്തിൽ ഇതനുസരിച്ചായിരിക്കണം ക്രോഡീകരിച്ച റിപ്പോർട്ട് നൽകേണ്ടത്. ഇക്കാര്യം സംബന്ധിച്ച് CDPO മാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. പുതുക്കിയ രീതിയിലുള്ള അപേക്ഷകൾ സെപ്റ്റംബർ 30നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി**

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

db/14